I/30237/2023

**<u>ഭരണഭാഷ – മാതൃഭാഷ</u>**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ഹയർ സെക്കൻഡറി വിഭാഗം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,**
**ശാന്തി നഗർ, തിരുവനന്തപുരം.**
jdacad@gmail.com
academicspecialcelldge@gmail.com
**04712323198**

നം.HSE/6904/2023-Acd Spl2 തീയതി: 12-09-2023

# വിജ്ഞാപനം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- അക്കാദമിക് സ്പെഷ്യൽ സെൽ - അധ്യാപകർക്കുള്ള റിസർച്ച് പ്രോഗ്രാം- അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- G.O.(Rt)No. 3576/2023/GEDN Dated 16/06/2023 നമ്പർ സർക്കാർ ഉത്തരവ്.

കേരളത്തിലെ ഹയർസെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെഗുണമേന്മ വർധിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് EAP(Enhancement of academic programme). പ്രസ്തുത പദ്ധതിയുടെ ഒരുഭാഗമാണ് അധ്യാപകർക്കിടയിൽ ഗവേഷാണാഭിമുഖ്യം വളർത്തുന്നതിനായി അംഗീകരിച്ച മിനി റിസർച്ച് പ്രോജക്ട്. ഈ പദ്ധതി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

**<u>പദ്ധതിയുടെ സവിശേഷതകൾ</u>**

- ഗവേഷണാഭിമുഖ്യം,അഭിരുചി എന്നിവ വർദ്ധിപ്പിക്കുന്നു .
- ഗവേഷണാർഹമായ വിഷയങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നു (50,000 രൂപ മുതൽ 1,50,000 രൂപ വരെ).
- ഹയർസെക്കൻററി അധ്യാപകരുടെ അക്കാദമിക് നിലവാരം ഉയർത്തുന്നു.
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് ഗവേഷണ ഫലങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നു.
- വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനു

വഴിയൊരുക്കുന്നു.

**<u>ഗവേഷണമേഖല</u>**

ഗവേഷണമേഖല പഠന വിഷയത്തിനനുസരിച്ച് വ്യത്യസ്തമായിരിക്കും. എങ്കിലും വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ പ്രവണതകൾ, അധ്യാപന- പഠനപ്രവർത്തനങ്ങൾ, മൂല്യനിർണ്ണയ പ്രവർത്തനങ്ങളിലെ ആധുനിക പ്രവണതകൾ, പാഠ്യപദ്ധതി രൂപീകരണത്തിന്റെ വിവധങ്ങളായ വശങ്ങൾ, അധ്യാപക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിദ്യാഭ്യാസത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ,വിജ്ഞാന സമൂഹത്തിലേക്കുള്ള വികാസത്തിന് വിഷയാടി സ്ഥാനത്തിലുള്ള സാധ്യതകൾ ,സാഹിത്യ പഠനങ്ങൾ എന്നിവ പരിഗണിക്കാവുന്നവയാണ്.

**<u>ഗവേഷണസ്ഥാപനം, മാർഗ്ഗദർശി</u>**

ഹയർസെക്കൻററി അധ്യാപകരുടെ ഗവേഷണ അഭിരുചി വളർത്തുന്നതിനായി വിഭാവനം ചെയ്യപ്പെട്ട ഈപദ്ധതി, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഗവേഷണകുതുകികളായ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻററി അധ്യാപകർ, ഉചിതമായ വിഷയവും അനുയോജ്യമായ ഗവേഷണസ്ഥാപനത്തെയും മാർഗ്ഗദർശിയേയും കണ്ടെത്തേണ്ടതാണ്. ആയതിനായി ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർവകലാശാലകൾ പി ജി പ്രോഗ്രാമുകൾ നിലവിലുള്ള സർക്കാർ/എയ്ഡഡ്കോളേജുകൾ എന്നിവയെ തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരെ ഗവേഷണ മാർഗ്ഗദർശികളായി സ്വീകരിക്കാവുന്നതുമാണ്.

**<u>ഗവേഷണ അനുബന്ധചെലവുകൾ</u>**

കേരളത്തിലെ ഹയർസെക്കൻററി വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ടാണ് സർക്കാർ EAP (enhancement of academic programme ) നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ അധ്യാപകരുടെ മിനി റിസർച്ച് പ്രോഗ്രാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേഷണവുമായി ബന്ധപ്പെട്ട് അനുബന്ധ ചെലവുകൾക്കായി

ഈ പദ്ധതി പ്രകാരം 50,000/- രൂപ മുതൽ 1,50,000/-രൂപ വരെ ഗ്രാന്റ് ആയി ലഭിക്കുന്നതാണ്. അധ്യാപകൻ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെയും വിദഗ്ധ സമിതിയുടെ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. പൂർത്തിയാക്കപ്പെടുന്ന ഗവേഷണ ഉദ്യമത്തിന് മാത്രമേ ഗ്രാൻറ് അനുവദിക്കുകയുള്ളൂ. പൂർത്തിയാക്കാത്ത ഗവേഷണ പ്രവർത്തനങ്ങളുടെ ചെലവു അതാത് വ്യക്തി സ്വയം വഹിക്കേണ്ടതായി വരും. മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന തുക അധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിലെ പ്രിൻസിപ്പൽമാർക്ക് അലോട്മെന്റായി നൽകുകയും ആവശ്യകതയനുസരിച്ച് ഗവേഷകന് ലഭ്യമാക്കുകയും ചെയ്യുന്നതാണ് .ബിൽസെറ്റിൽമെൻറ്നടത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കായിരിക്കും

**ഹാജർനില**

ഹയർ സെക്കൻററി അധ്യാപകരുടെ ഗവേഷണ അഭിരുചി വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനുമുള്ള ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവർ ഗവേഷണത്തിനു തെരഞ്ഞെടുക്കുന്ന സ്ഥാപന മേധാവിയുടെ അനുമതി ആവശ്യമാണ് . പ്രസ്തുത ഗവേഷണ പദ്ധതി ഈ വർഷം ആറു മാസ കാലയളവിലാണ് പൂർത്തിയാക്കേണ്ടത് . ഗവേഷണ സ്ഥാപനത്തിൽ 30 ദിവസത്തെ ഹാജർ ആവശ്യമാണ്. അധ്യാപകർ, ഇതിനുവേണ്ടി ശനിയാഴ്ചയും മറ്റു അവധി ദിവസങ്ങളും പ്രായോജനപ്പെടുത്തേണ്ടതാണ്.പത്തു ദിവസത്തെ പ്രത്യേക ഡ്യൂട്ടി ലീവ് ഈ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതായിരിക്കും. അതോടൊപ്പം സ്ഥാപന മേധാവികളിൽ നിന്നും അർഹതപ്പെട്ട മറ്റു അവധികൾക്കായി ആവശ്യപെടാവുന്നതുമാണ്. എന്നാൽ സ്കൂളിലെ അധ്യാപനചുമതല വീഴ്ചയില്ലാതെ നിർവഹിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ മിനി റിസർച് പൂർത്തിയാക്കാതിരിക്കുകയോ നിലവാരമില്ലെന്ന് വിലയിരുത്തപ്പെടുകയോ ചെയ്താൽ അനുവദിച്ച ഡ്യൂട്ടി ലീവ് ക്യാൻസൽ ചെയ്യുന്നതയിരിക്കും. ചെലവായ തുക തിരിച്ചു പിടിക്കുന്നതായിരിക്കും .

**അപേക്ഷ പരിശോധന, അനുമതി, പ്രബന്ധ സമർപ്പണം, സാക്ഷ്യപത്രം നൽകൽ**

ഗവേഷണ പദ്ധതിക്കായി സമർപ്പിക്കപ്പെടുന്ന പ്രോപ്പോസലുകൾ ,

ആയതിനായി രൂപീകരിക്കപ്പെടുന്ന വിദഗ്ദ കമ്മിറ്റി പരിശോധിക്കുകയും അർഹരായ ഏകദേശം 100 പേരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതായിരിക്കും. അനുമതി ലഭിച്ചതിന് ശേഷം ആറു മാസത്തിനകം പ്രബന്ധത്തിൻറെ മൂന്ന് പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കപ്പെടേണ്ടതാണ്.

പൂർണ്ണമായി സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെ മികവ് നിർണയിക്കുന്നതിനുള്ള അധികാരം വിദഗ്ധസമിതിക്കായിരിക്കും. നിശ്ചിത നിലവാരമില്ലാത്ത പ്രബന്ധം തള്ളുന്നതിനുള്ള അധികാരം വിദഗ്ധസമിതിക്കുണ്ടായിരിക്കും.

ഗവേഷണ പ്രബന്ധങ്ങളുടെ പകർപ്പവകാശം പൊതുവിദ്യാഭ്യാസ വകുപ്പിന് ആയിരിക്കും. ആയത് വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ച് പ്രയോജനപ്പെടുത്തുന്നതിനുള്ള അധികാരം വകുപ്പിൽ നിക്ഷിപ്തമായിരിക്കും എന്നാൽ ഗവേഷകന് ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി വകുപ്പ് നൽകുന്നതായിരിക്കും.

. പൂർണമായ രീതിയിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾക്ക് സാക്ഷ്യപത്രവും വകുപ്പിൽ നിന്ന് ലഭിക്കുന്നതായിരിക്കും.

**<u>അപേക്ഷാ സമർപ്പണം</u>**

ഗവേഷണതത്പരരായ അധ്യാപകർ, വിശദ വിവരങ്ങൾ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഉചിത മാർഗേണ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആയതിൽ താഴെ പറയുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്.

1) വ്യക്തിഗത, സർവ്വീസ് വിവരങ്ങൾ

2) ഗവേഷണ സ്ഥാപനം, ഗവേഷണ മാർഗദർശിയായ അധ്യാപകൻറെയും സ്ഥാപനമേലധികാരിയുടെയും അനുമതി.

3) പ്രതീക്ഷിത ചെലവ് (ഇനം തിരിച്ച്).

4) ഗവേഷണ വിഷയം, ഉദ്ദേശ്യങ്ങൾ, രീതിശാസ്ത്രം, ഗവേഷണ വിഷയത്തിന്റെ വിദ്യാഭ്യാസ ആവശ്യകത എന്നിവ സംബന്ധിച്ച് ഒരു പേജിലെ സംക്ഷിപ്ത വിവരണം.

5) എയിഡഡ് സ്കൂളിലെ അദ്ധ്യാപകർ മാനേജ്മെന്റിൽ നിന്നുള്ള സമ്മതപത്രം

ഉള്ളടക്കം ചെയ്യേണ്ടതാണ്.

പൂർണമായ അപേക്ഷകൾ

**ജോയിൻറ് ഡയറക്ടർ (അക്കാദമിക്)**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**

**ഹയർ സെക്കൻഡറി വിഭാഗം,**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,**

**ശാന്തി നഗർ, തിരുവനന്തപുരം** -1

എന്ന മേൽ വിലാസത്തിൽ **നേരിട്ടോ റജിസ്റ്റേർഡ്/സ്പീഡ് തപാലിലോ 2023 സെപ്റ്റംബർ 20നകം** ലഭ്യമാക്കേണ്ടതാണ്. **രേഖകളുടെ സ്കാൻ ചെയ്ത കോപ്പി** academicspecialcelldge@gmail.com എന്ന മെയിൽ അഡ്രസിലും ലഭിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 12-09-2023 19:08:57

**പൊതുവിദ്യാഭ്യാസഡയറക്ടർ**

# Application for Mini Research Programme for Higher Secondary School Teachers

| | |
|---|---|
| Name of Teacher | : |
| Gender | |
| PEN | : |
| Designation with Subject | : |
| Govt/Aided | |
| Date of Joining as HSST/HSST Junior (which is earlier) | : |
| School Code & Address | : |
| Permanent Residential Address | : |
| Topic of Research Intended to do (Details should be attached in separate sheet with Name of Topic, Objectives, Methodology, Relevance for the improvement of quality education in Kerala ) | : |
| Name of Institution selected as Research centre | : |
| Whether consent of research institution is attached | : |
| Whether consent of Guide is attached | : |
| whether self-estimated expenditure details attached | |

The above given details are true to the best of my knowledge and belief.